(ബി) കഴിഞ്ഞ രണ്ടു വർഷമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തത് മൂലം പ്രസ്തുത പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭത്തിന് ഒരുങ്ങുന്ന കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉള്ളിയേരി പഞ്ചായത്തിൽ ഉള്ളൂർക്കടവ്-തന്നൂർ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 87,150 രൂപ 29-12-2000-ന് ബോർഡിന്റെ അത്തോളി സെക്ഷണാഫീസിൽ അടച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നടക്കാത്തതിനെ പറ്റി പഞ്ചായത്തിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്. ഈ ജോലി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. 19-1-2004-ന് പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുവാൻ നടപടികൾ

8 [164] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കുടിശ്ശികയുള്ള അപേക്ഷകൾ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ടാകുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തിരമായി പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കുടിശ്ശികയുള്ള അപേക്ഷകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

ജില്ല	എണ്ണം
തിരുവനന്തപുരം	52606
കൊല്ലം	35685
പത്തനംതിട്ട	17312
കോട്ടയം	17717

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എണ്ണം
ആലപ്പുഴ	21458
എറണാകുളം	25163
ഇടുക്കി	14813
തൃശ്ശൂർ	32553
പാലക്കാട്	66479
മഞ്ചേരി (മലപ്പുറം ജില്ല)	65638
കോഴിക്കോട്	55318
വയനാട്	8322
കണ്ണൂർ	42639
കാസറഗോഡ്	21585

(ബി) വൈദ്യുതി കണക്ഷന് ആവശ്യമായ സാധനസാമഗ്രികൾ തികയാതെ വരുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്. ബഡ്ജറ്റ് വിഹിതമനുസരിച്ചു നിശ്ചയിച്ചിട്ടുള്ള കണക്ഷനുകളാണ് ഓരോ വർഷവും നൽകുന്നത്.

(സി) കണക്ഷനുകൾ നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കൂടുതൽ കണക്ഷനുകൾ നൽകുന്നതാണ്.

മിനി വാട്ടർ സപ്ലൈ സ്കീമുകൾക്കുള്ള വൈദ്യുതി കണക്ഷന് ജനപങ്കാളിത്ത പദ്ധതി പ്രകാരം തുക അടയ്ക്കാനുള്ള നടപടി

9 [165] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമുകൾക്ക് വേണ്ട വൈദ്യുതി കണക്ഷന് ജനപങ്കാളിത്ത പദ്ധതി പ്രകാരം തുക അടക്കാനുള്ള അവസരം നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് പല ഗ്രാമപഞ്ചായത്തുകൾക്കും ജനകീയ സമിതികൾക്കും വൈദ്യുതി കണക്ഷനുവേണ്ടി ഉയർന്ന തുക അടയ്ക്കേണ്ടി വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നിലവിലുണ്ടായിരുന്നപ്പോൾ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്കെങ്കിലും അപ്രകാരം തുക അടയ്ക്കുന്നതിനുള്ള അവസരം നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly